18 OCT 2018

VOLUME - 1

# VOICE OF MOUNT



St.Thomas Syro Malabar Parish,
St. Thomas Mount

DIOCESE OF HOSUR



Indian in culture, Christian in faith, Oriental in Worship




# Voice Of Mount
PARISH NEWSLETTER

INAUGURAL EDITION

OCTOBER 2018

**ST THOMAS**
**SYRO MALABAR CHURCH**
6/74-3, North Silver Street
Saint Thomas Mount,
Viswanathapuram,
Gandhi Nagar, Chennai
Tamil Nadu 600016

**MANAGING EDITOR**
Fr Subhish Vattaparamban
+91-9566 250 496

**EDITORIAL BOARD**
Joseph K George
Milju Mathew
Prof. Dr. Kurian Joseph

**DATA PROCESSING**
Jinto John
Jisna Mobin

**LAYOUT & DESIGN**
Adarsh P

**CIRCULATION**
Samson Mathew

## Contents

1 Message From Bishop

2 Message from Vicar

3 Are Christians losing the saltiness ?

4 A Reflection ( തീർത്ഥാടനം )

5 Rejoice And Be Glad

6 A Short Story ( വിശ്വാസപ്രമാണം )

7 Kid's Corner

8 Upcoming events

9 Fly High

സന്ദേശം:-

# ഈശോയിൽ പ്രിയ സഹോദരങ്ങളെ,



"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (Mk-16:15). നമ്മുടെ കർത്താവീശോമിശിഹായുടെ ആഹ്വാനം ഉൾക്കൊണ്ട് പന്ത്രണ്ടു ശിഷ്യന്മാർ ലോകമെങ്ങും പോയി തങ്ങൾക്ക് ലഭിച്ച ദൈവാനുഭവത്തിന്റെ വെളിച്ചത്തിൽ ധീരമായി വചന പ്രഘോഷണം നടത്തുകയും ഓരോ ശിഷ്യരും വചനം പ്രഘോഷിച്ച ഇടങ്ങളിലെല്ലാം ക്രൈസ്തവ സാമൂഹങ്ങൾക് രൂപം നൽകുകയും ചെയ്തു. ക്രിസ്തു ശിഷ്യനായ തോമാശ്ലീഹാ AD 52ൽ ഭാരതത്തിൽ വരുകയും, ക്രൈസ്തവ വിശ്വാസത്തിനു ദീപം കൊളുത്തുകയും ചെയ്തു. ഇത്തരത്തിൽ ഈശോയെകുറിച്ചുള്ള അറിവുകൾ ഏറ്റുവാങ്ങി, തലമുറ തലമുറകളായി ഈ ദൈവിക പാരമ്പര്യം കൈമാറിക്കൊണ്ടിരിക്കുന്നു. ഇന്ന് ഈ വിശുദ്ധപരമ്പര്യത്തിന്റെ കൈമാറ്റം നടക്കുന്നത് സിറോമലബാർ സഭയിലൂടെയാണ്.

ഈശോയുടെ ഓരോ ശിഷ്യരും, ഇതുപോലുള്ള ക്രൈസ്തവ സാമൂഹങ്ങൾക് രൂപം കൊടുത്തിട്ടുണ്ട്. ഇതിനെ വ്യക്തിഗതസഭകൾ അഥവാ റീത്തുകൾ എന്നാണ് വിളിക്കുന്നത്. ഇന്ന് കത്തോലിക്കാ സഭയിൽ 23 റീത്തുകളാണുള്ളത്. ഇതിൽ ഇന്ത്യയിൽ ഉള്ളത് ലത്തിൻ, സിറോമലബാർ, സിറോമലങ്കര എന്നിവയാണ്. ഇങ്ങനെ 23 സഭകളിലൂടെ കൈമാറിവരുന്ന ദൈവിക പാരമ്പര്യവും, ( അതായത് ഈശോയുടെ പഠനങ്ങൾ), വി.ബൈബിളും തുല്യ പ്രാധാന്യം അർഹിക്കുന്നുവെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുക. (Dei Verbum No. 9). അതുകൊണ്ടു ഈ ദൈവിക പാരമ്പര്യം സംരക്ഷിക്കേണ്ടത് അനിവാര്യതയാണ്. 2017 ഒക്ടോബർ 9 ന് ഹൊസൂർ രൂപത സ്ഥാപിച്ച് കത്തെഴുതിയ പരിശുദ്ധ ഫ്രാൻസിസ് പാപ്പ വീണ്ടും നമ്മെ ഓർമപെടുത്തുന്നത് ഇപ്രകാരമാണ്, ഓരോ സഭയുടെയും ദൈവിക പാരമ്പര്യം അതായത് വിശ്വാസം, ആരാധനക്രമം, ജീവിതശൈലി എന്നിവ കൈമാറപെടുന്നത് കാത്തുസൂക്ഷിക്കേണ്ടതാണ്.

ഈ വിശ്വാസ പൈതൃകത്തെ സംരക്ഷിക്കാൻ കാലത്തിനു അനുയോജ്യമായ രീതിയിൽ സെന്റ്. തോമസ് മൌണ്ട് ഇടവക നടത്തുന്ന എല്ല പരിശ്രമങ്ങളെയും അഭിനന്ദിക്കുന്നു. Voice of Mount എന്ന പേരിൽ ഇറങ്ങുന്ന e-Magazine ന് എല്ലാവിധ പ്രാർത്ഥനാശംസകൾ നേരുന്നു.

നിങ്ങളുടെ പിതാവ്, മാർ സെബാസ്റ്റ്യൻ പോഴോലിപറമ്പിൽ, ഹൊസൂർ രൂപത.

# ചുടു നിണം വീണ മണ്ണിൽ നിന്നും ഉയരുന്ന കാഹളം.



ഈശോയിൽ പ്രിയരേ,

രക്തസാക്ഷികളുടെ ചുടുനിണം വീണ മണ്ണിൽ സഭ തഴച്ചു വളർന്നു. ഇനി ഫലമുണ്ടാകേണ്ട കാലമാണ്. ഹൊസൂർ രൂപത സ്ഥാപിക്കപ്പെട്ടതിനുശേഷം, ഏറെ ശ്രമകരവും കൂട്ടായ പ്രവർത്തനങ്ങളിലൂടെ സീറോമലബാർ സഭാ മക്കൾ ഒന്ന് ചേർന്നുവരികയാണ്.ഈ അവസരത്തിൽ സെയിന്റ്. തോമസ് മൗണ്ട് ഇടവക ഒരു പുതിയ ഉദ്യമത്തിന് തുടക്കം കുറിക്കുകയാണ്. ഇടവകയുടെ ശബ്ദമായി " Voice of Mount" എന്ന പേരിൽ eMagzine പുറത്തിറക്കുന്നു. ഇത്, സഭ മക്കളിൽ നിന്നുയരുന്ന വിശ്വാസ പൈതൃകത്തിന്റ കാഹളധ്വനിയാകട്ടെ. സഭയിലെയും, രൂപതയിലെയും, ഇടവകയിലെയും ആനുകാലിക പ്രവർത്തനങ്ങൾ അറിയുവാനും, ഒന്നുചേരുവാനും, പരസ്പരം കഴിവുകളെയും, പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുവാനും ഉതകുന്ന ഒരു വേദിയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഈ മാസം ജപമാലമാസമായി ആചരിക്കുകയാണല്ലോ. പതിമൂന്നാം ലിയോ മാർപാപ്പയാണ് ഒക്ടോബർ മാസം ജപമാല മാസമായി പ്രഖ്യാപിച്ചത്. ഈശോയിലേക്കുള്ള ഒരു  എളുപ്പവഴിയാണ് പരി. അമ്മ. ജപമാല പ്രാർത്ഥനയിലൂടെ സഭാ മക്കൾ ഏവരും ക്രൈസ്തവ വിശ്വാസ രഹസ്യങ്ങൾ തന്നെയാണ് ധ്യാനിക്കുന്നത് -ജപമാല ഭക്തി ആദ്യം പ്രചരിപ്പിച്ചതു വി. ഡൊമിനിക്കാണ്. പതിമൂന്നാം നൂറ്റാണ്ടിൽ സഭക്കെതിരെ ഉയർന്നു വന്ന ആൽബിജൻസിൻ പാഷണ്ഡതയെ പരാജയപ്പെടുത്താൻ വിശ്വാസികൾ എടുത്ത വലിയൊരു ആയുധമാണ് ജപമാല.

രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇപ്രകാരം പ്രസ്താവിക്കുന്നു" നൂറ്റാണ്ടുകളിലൂടെ സഭയുടെ പ്രബോധനാധികാരം അംഗീകരിച്ചിട്ടുള്ള ഭക്തമുറകൾ ഈ സൂനഹദോസ് വിലമതിക്കുന്ന. (തിരുസഭ 67).  വിശുദ്ധ ലൂയി മോണ്ട് ഫോർട്ട് പ്രസ്താവിക്കുന്നതിങ്ങനെയാണ് " ദിനം പ്രതി ജപമാല ചൊല്ലുന്നവർ ഒരിക്കലും വഴി തെറ്റി പോവുകയില്ല..ഈ പ്രസ്താവന എൻ്റെ  രക്തം കൊണ്ട് തന്നെ എഴുതി ഒപ്പിടാൻ എനിക്ക് സന്തോഷമേയുള്ളൂ ". വിശുദ്ധ ക്ലെമന്റ പറയുന്നു " ഒരു പാപിയെ അഭിമുഖീകരിക്കുന്നതിനു മുൻപ് ജപമാല ചൊല്ലാൻ എനിക്ക് സമയം ലഭിക്കുകയാണെങ്കിൽ ആ പാപി മാനസാന്തരപെടാതിരുന്നതായി ഞാൻ കണ്ടിട്ടില്ല ".

സഭാമക്കൾ എല്ലാവരും ഒന്ന് ചേർന്ന് ജപമാലയാകുന്ന ആയുധം കൈയിലെടുക്കുകയാണെങ്കിൽ നാരകീയ ശക്തികൾ ഒരിക്കലും സഭയെയും, ഇടവകേയും, കുടുംബജീവിതത്തെയും, വ്യക്തി ജീവിതത്തെയും തകർക്കുകയില്ല. പരിശുദ്ധ അമ്മയുടെയും, വി.തോമാശ്ലീഹായുടേയും മധ്യസ്ഥ ശക്തിയാൽ ദൈവം നമ്മുടെ എല്ലാ ഉദ്യമങ്ങളെയും അനുഗ്രഹിക്കട്ടെ..

പ്രാർത്ഥനയോടെ

Fr. സുഭീഷ് വട്ടപ്പറമ്പൻ.

വികാരി

# ARE **CHRISTIANS** LOSING THE SALTINESS?



What makes Christians important in this world? Our Lord's answer in Matthew 5:13 is that "Disciples of Christ are the salt of the earth". This defines the mission for Christians to live in the secular world as salt to influence people around in a positive way. Christians have been given the wonderful privilege to be the salt of the earth. However, in the rapidly changing society today, many Christians are being influenced by the worldly temptations that lead to the dilemma of "the spirit is willing but the flesh is weak". Many want to appease the world like the "honey of the earth" than the "salt of the earth". It is the right time that Christians ask themselves "Are we losing our saltiness by siding with the World than being the salt of the earth?".

Salt is a dietary mineral, used for flavoring and preservation, needed by all known living creatures. Salt has been so highly valued through the ages that in some cultures it has been used as a form of currency. Our English word "salary" comes from the word salarium, a name given to the mineral when it functioned as currency. The old Testament (Leviticus 2:13, Numbers 18:19, 2 Chronicles 13:5; Exodus 30:35, Ezekiel 16:4, Ezekiel 43:24, and 2 Kings 2:21) present salt as a sign of God's covenant and as a purifying agent.

As the salt renders food pleasant and palatable, and preserves from putrefaction,

Christians are to keep the world from moral decay. As we know that eating salty food makes one thirsty, Christians are to create a thirst for Christ by exemplifying the very attributes of Lord Jesus Christ by behaviors filled with patience, peace, and joy. The whiteness of the salt represents the purity of mind expected of Christians to help the society in preserving the cultural values and moral principles manifested in terms of kindness, compassion, and love. As Saint Paul urges "Do not be conformed to this world, but be transformed by the renewal of your mind, that you may discern what is the will of God, what is good and pleasing and perfect" (Rom 12:2).

Jesus also gave us a warning by saying " if salt loses its taste, it is no longer good for anything but to be thrown out and trampled underfoot". "Good for nothing" is a severe condemnation resulting in being "thrown out" (rejected by God) and "trampled underfoot by men." Though, salt being chemically stable, could not lose its saltiness easily, if the salt is contaminated with impurities, it becomes useless and even dangerous. Just like salt can become diluted in water, Christians can become diluted by their experiences and lose their influence.

Jesus said, "Salt is good, but if the salt loses its flavor, how will you season it? The analogy here is that when Christians become tainted by sin and/or bitterness and their hearts become hardened, they lose their saltiness. It's interesting that Jesus went on to say, "Do not give what is holy to dogs, and do not throw your pearls before swine, lest they trample them under their feet, and turn and tear you to pieces" (Matt. 7:6). Remember that Lot's wife looked back with regret after leaving Sodom "and she became a pillar of salt" (Gen 19:26) perhaps because she was bitter about leaving her good life and luxuries. She disregarded the angel's warning and "looked back" at the destruction of Sodom with a harsh, bitter, corrosive faith that spoil the potential for charitable work that might otherwise grow up in the good ground of community life.

In his conversation with the Lord concerning Sodom, Abraham attempted to ascertain the least number of righteous persons needed to preserve the whole city from judgment. He began with fifty. Then, with a remarkable combination of

reverence and perseverance, he worked his way down to ten. The Lord finally assured Abraham that if He found only ten righteous persons in Sodom, He would spare the whole city for the sake of those ten. Will there be enough Christians that retain the Christ likeness, as salt  retain its saltiness?.

The great challenge is to resist the tendency to conform to the prevailing culture of the World instead of developing a Christian counter-culture. Christians should be alert and make sure that their spiritual lives do not become disconnected from daily life. They need to realize the moral situations where they have horribly failed and "Mourn" on being aware of the offense to God by sinful behavior. They need to become "Gentle at heart" with humbled spirit to live by God's principles of life and relentless pursuit of God's righteous standards. They have to be "Merciful" and tender compassion for those around and be the "Pure in heart" with the ability to seek the welfare of others above self desires. It is not so easy as to be satisfied with Sunday Christianity and living on their own the rest of the week.

It is the duty of Christians as the salt of the earth to stay pure, true to the Gospel and connected to Jesus in every day actions. As the salt of the earth, Christ's disciples have two primary responsibilities that brings out the God-flavours of this earth. First, commend the earth to God's continuing grace and mercy by their salty presence. Second, hold in check the forces of corruption and lawlessness by the power of the Holy Spirit. "So dear friends, don't be surprised at the fiery trials you are going through, as if something strange were happening. Instead, be very glad - for these trials make you partners with Christ , so that you will have the wonderful joy of seeing His glory when it is revealed to all the world." (1 Peter 4:12-13). Have salt in yourselves, and have peace with one another." (Mark 9:50).

Let this News Letter of the St.Thomas Mount Syromalabar Catholic Church, be a new initiative to help preserving the Christ likeness of Christians and enable them to be the salt of the earth. May our mother Mary help us to welcome within ourselves the grace emanating from the mysteries of Rosary, for being the "salt of the earth".

- Prof.Dr.Kurian Joseph

# തീർത്ഥാടനം



തീർത്ഥാടന കേന്ദ്രങ്ങൾ ഒരർത്ഥത്തിൽ മാനവരാശിയുടെ ചെറിയ സമ്മേളനങ്ങളാണ് . വ്യത്യസ്ത ദേശക്കാർ, വ്യത്യസ്ത ഭാഷക്കാർ , സമ്പന്നർ, ദരിദ്രർ , ചെറുപ്പക്കാർ , വൃദ്ധർ ...

എന്നാൽ ഈ വത്യസ്തത ആത്മീയമായ പശ്ചാത്തലത്തിനുമുണ്ട്. ഓരോ വ്യക്തിയും തീർഥാടനവഴികളിലേക്ക് എത്തിപ്പെടുന്നത് പല കാരണങ്ങൾ കൊണ്ടാണ് .

കേവലം ഒരു വിനോദയാത്ര പോലെ തീർത്ഥാടന കേന്ദ്രങ്ങളിലെത്തിപ്പെട്ടവരുണ്ട്...കാഴ്ച്ചയുടെ ആഘോഷങ്ങൾക്കപ്പുറം അവർ വീണ്ടും തങ്ങളുടെ നിത്യജീവിതത്തതിന്റെ തിരക്കുകളിലേക്ക് മടങ്ങുന്നു . ഒരുപക്ഷെ തീർഥാടനം ഒരോർമ മാത്രമായി അവശേഷിക്കുന്നു .

ഇനിയൊരുകൂട്ടർ ചിന്താവിഷ്ടയായ ശ്യാമളയിലെ വിജയന്മാരാണ്. ജീവിതത്തിന്റെ ചില മുഹുർത്തങ്ങളിൽ മുന്നോട്ടു പോകാൻ ധൈര്യമില്ലാതെ പിൻവാങ്ങാൻ ശ്രമിക്കുന്നവർ.. എന്നാൽ ഏതോ ചില ദിവ്യമായ

ഇടപെടലുകളുടെ പ്രകാശത്തിൽ , അവരും തങ്ങളുടെ ഉത്തരവാദിതത്തിലേക്കു മടങ്ങും.

തീർത്ഥാടനത്തിന് മുമ്പുതന്നെ ദൈവത്തിലേക്ക് അല്പദൂരം സഞ്ചരിച്ചവരാണ് മറ്റൊരു കൂട്ടർ. വ്രതമെടുത്ത് , വ്യക്തിബന്ധങ്ങളിൽ വന്നുപോയ സ്നേഹരാഹിത്യങ്ങൾക്കുപരിഹാരം ചെയ്തു അവരും തീർത്ഥാടനകേന്ദ്രത്തിൽ എത്തിയിരിക്കുക്കുന്നു. നഷ്ടപ്പെട്ടുപോയ നൈർമല്യത്തെ വീണ്ടെടുക്കാൻ. ദൈവകരുണയുടെ തീർത്ഥത്തിൽ സനാനപ്പെട്ടു പുതിയൊരു സൃഷ്ടിയാകാൻ.. തങ്ങളായിരിക്കുന്ന ഇടങ്ങളിലേക്ക് തിരിച്ചെത്തി ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകാൻ.

ആത്മീയതയുടെ ഇനിയുമനേകം പടവുകളിലുള്ള മനുഷ്യർ.... എങ്കിലും തീർത്ഥാടന വഴിയിൽനിന്ന് ആരും വെറും കൈയോടെ മടങ്ങുന്നില്ല. വിനോദയാത്രയുടെ

ലാഘവത്തോടെ വന്നവർ പോലും.. ആഘോഷങ്ങളുടെയും ആരവങ്ങളു

ടെയും അർത്ഥരാഹിത്യത്തിനപ്പുറം ഹൃദയം ശൂന്യമാകുമ്പോൾ, ഒരു പഴയ യാത്രയുടെ ഓർമകളുണർത്തി പുണ്യഭൂമികൾ അയാളെ വത്സല്യത്തോടെ മാടിവിളിക്കും... .സുവിശേഷത്തിന്റെ ആനന്ദത്തിലേക്കു പ്രവേശിക്കാൻ...

മാനവരാശിയുടെ മഹാ യാത്ര പുറപ്പെട്ടത് ഏദന്തോട്ടത്തിൽനിന്നാണ്..... ആ യാത്രയുടെ പര്യവസാനം മറ്റൊരു തോട്ടത്തിലായിരുന്നു ... നിത്യജീവൻറെ അവകാശം മനുഷ്യന് വീണ്ടുകിട്ടിയ തിരുവുത്ഥാനത്തിന്റെ പൂന്തോട്ടം... പാപം മൂലം കൊട്ടിയടക്കപ്പെട്ട പറുദീസയുടെ വാതിൽ വീണ്ടും തുറക്കപ്പെട്ടു ...

പറുദീസയിൽനിന്നരഭിച്ച മഹായാത്രയുടെ ചെറുപതിപ്പുകളാണ് ഓരോ തീർത്ഥയാത്രയും.

- Jinto John

# **REJOICE** AND **BE GLAD**
## (Gaudete Et Exsultate)



What better a call to the Christian life than “Rejoice and be glad!” This is the title and the opening words of Pope Francis’ newest apostolic exhortation, Gaudate et Exsultate.

In the first paragraph Francis frames holiness as Jesus’ desire for us “not to settle for a bland and mediocre existence.” Throughout the document our Jesuit pope’s Ignatian spirituality spills forth, calling all people to notice the holiness not just in canonised saints but “in those parents who raise their children with immense love, in those men and women who work hard to support their families, in the sick, in elderly religious who never lose their smile.”

We need not be a priest or religious in order to be holy. This was the declaration of the Second Vatican Council: a universal call to holiness.And Francis draws out the simple practicality of living this Holiness through the small and ordinary activities of daily life: speaking well of others, listening to your children’s dreams, saying a kind word to a poor person.

**CHRIST’S MISSION**

The pope reminds us what Ignatius teaches in his Principle and Foundation, and the Call of the King meditation, that our holiness comes in participating in and

labouring with Christ in his mission. We must pray with the events of Jesus' life, he says. "The contemplation of these mysteries, as Saint Ignatius of Loyola pointed out, leads us to incarnate them in our choices and attitudes." This is precisely the idea of giving God skin, making God incarnate through our very lives and actions. This is the way we participate in Christ's great project for the world. "Your identification with Christ and his will involves a commitment to build with him that kingdom of love, justice and universal peace." Both prayer and action are necessary in the path to holiness. "We are called to be contemplatives even in the midst of action, and to grow in holiness by responsibly and generously carrying out our proper mission."

This focus on mission saturates the Spiritual Exercises of Saint Ignatius, the Christian life, and Pope Francis' exhortation. But again, it doesn't require just grand gestures, but little ones. The pope speaks about each minute and moment and choice and action becoming a way to serve God's mission. With each Beatitude Francis reminds us of Jesus' invitation to a life of joy by our response. He notes that being poor in spirit is similar to St Ignatius' understanding of indifference, "which brings us to a radiant interior freedom."

Francis doesn't shy away from the reality of mystery. "Contemporary gnostics", as he calls them, leave no room for nuance or the Spirit. They wish to perfectly explain the complexities of doctrine and the Gospel as if God has been figured out. "When somebody has an answer for every question, it is a sign that they are not on the right road," the pope says. "God infinitely transcends us; he is full of surprises." Francis writes that "in the Church there legitimately coexist different ways of interpreting many aspects of doctrine and Christian life; in their variety, they 'help to express more clearly the immense riches of God's word'."

The pope speaks about all issues of justice on an equal plane, that the poor, the destitute, the vulnerable, the underprivileged, the refugee,

and those already born are as "equally sacred" as the innocent unborn. All this is in the task of the mission of upholding the dignity of every human person on earth. Francis even calls out Catholic media (and maybe even the internet commenters

on those sites) for unethical and disrespectful "verbal violence" against others. "The saints do not waste energy complaining about the failings of others," he says.

This apostolic exhortation is touching upon many important topics. However, we may not able to view all in this episode due to space constrain.

- Milju Mathew

# വിശ്വാസപ്രമാണം

- ചെറുകഥ, By Sebastian M K

എന്ത് ചെയ്യണമെന്നറിയാതെ വികാരിയച്ചൻ ഒന്ന് പരുങ്ങി. മുന്നിൽ നിൽക്കുന്ന മത്തായി മൂന്നാം പ്രാവശ്യം ആണ് പെണ്ണ് കെട്ടിന് നമസ്കാരം കേൾക്കാൻ വരുന്നത്. കഴിഞ്ഞ രണ്ടു പ്രാവശ്യവും നടന്ന കാര്യങ്ങൾ അച്ചന്റെ മനസ്സിൽ ഉണ്ട്. കാതോലിക്ക സഭയുടെ അടിസ്ഥാന പ്രാർത്ഥനയായ വിശ്വാസപ്രമാണം പോലും കാണാപാഠം അറിയാത്ത മത്തായിക്ക് എങ്ങനെ പെണ്ണ് കെട്ടിന് കുറി കൊടുക്കും? ഇനിയും കുറി കൊടുത്തില്ലെങ്കിൽ ഇവനെന്തെങ്കിലും കടുംകൈ കാണിച്ചാലോ എന്ന ഭയവും അച്ചനിൽ ഉണ്ടായിരുന്നു .

എന്ത് ചെയ്യണമെന്നറിയാതെ അച്ചൻ ചുറ്റുമൊന്നു നോക്കി. പള്ളിലേക്കു നടന്നു വരുന്ന മഠത്തിലെ മദർ ആനിയമ്മയെയാണ് അച്ചൻ കണ്ടത്. തെല്ലു ആശ്വാസത്തോടെ അച്ചൻ ആനിയമ്മയോട് കാര്യം പറഞ്ഞു. "ഇവന്റെ നമസ്കാരം ഒന്ന് കേൾക്". മദർന്റെ മറുപടിക്കു കാത്തു നില്ക്കാതെ തിരക്ക് ഭാവിച്ചു അച്ചൻ പള്ളിമേടയിലേക്കു പോയി.

ആനിയമ്മ മത്തായിയെ ഒന്ന് നോക്കി. ക്ഷീണിച്ച മുഖം, ചീകിയൊതുക്കിയ തലമുടി. ഒരിക്കൽ താൻ മത്തായിയുടെ വീട്ടിൽ പോയതും അവനെപ്പറ്റി അവന്റെ മാതാപിതാക്കൾ പറഞ്ഞതും ആനിയമ്മയുടെ മനസ്സിലേക്കു ഓടിയെത്തി. യുവത്വത്തിന്റെ പടികൾ കയറുമ്പോൾ മാക്സും ലെനിനും മത്തായിയുടെ ചങ്ങാതിമാരായി. അതിലേറെ സഖാക്കളായി. പിന് തലമുറക്കാരുടെ പ്രായോഗിക കമ്മ്യൂണിസത്തിൽ മനം നൊന്ത മത്തായി എല്ലാം എറിഞ്ഞുടച്ചു ജീവിതത്തിൽ ഏകാന്തനായി. എന്തോ ഒരു കുറവ് ആനിയമ്മക്കു മത്തായിയിൽ കാണാൻ കഴിഞ്ഞു. അവർ പതിയെ ചോദിച്ചു, "വിശ്വാസപ്രമാണം പോലും പഠിച്ചില്ലേ?". അവൻ ഒന്നും പറയാതെ ആനിയമ്മയെ തന്നെ നോക്കി നിന്നു. അവനെകൊണ്ടു വിശ്വാസപ്രമാണം ചൊല്ലികനായി അവർ പ്രാർത്ഥനയോടെ തുടക്കം ഉരുവിട്ടു.

"സർവശക്തനായ പിതാവും..........".

കൂടെ മത്തായിയും മുക്കിയും മൂളിയും മുന്നോട്ടു പോയി. പക്ഷെ പാതിവഴിയിൽ അവൻ ഇടറി നിന്നു. കാര്യം അത്ര പന്തിയല്ലാന് ആനിയമ്മക്കു മനസ്സിലായി. അവർ ചോദിച്ചു, "വീട്ടിൽ പ്രാർത്ഥന ചൊല്ലാറുണ്ടോ?" ഉണ്ടെന്ന മത്തായിയുടെ മറുപടിയിൽ അവർക്കു തൃപ്തിയായില്ലാ യിരുന്നു. വേദോപദേശ ക്ലാസ്സുകളിൽ പോയിട്ടുണ്ടോയെന്ന ചോദ്യത്തിനും അവൻ കൃത്യമായ ഉത്തരം പറഞ്ഞില്ല. നമസ്കാരത്തിന്റെ ആദ്യം മുതൽ തുടങ്ങാനെന്ന രീതിയിൽ ആനിയമ്മ ചോദിച്ചു, "യേശു ആരാണ്?" യേശു കർത്താവാണെന്ന അവന്റെ മറുപടിയിൽ ഒരു കുസൃതി ചോദ്യമാണ് ആനിയമ്മയിൽ പൊട്ടി മുളച്ചതു.

"എത്ര ദൈവമുണ്ട്?" ചോദ്യം കേട്ട മത്തായി ഒരു ദീർഘനിശ്വാസം വിട്ടുകൊണ്ട് ചുറ്റും നോക്കി. പിന്നെ അകലേക്ക് നോക്കിനിന്നു. ഒരു ഉത്തരത്തിനായി അവൻ പരത്തുന്ന പോലെ ആനിയമ്മക്കു തോന്നി. തെല്ലു നിശബ്ദതക് ശേഷം ഉറച്ച സ്വരത്തിൽ അവൻ പറഞ്ഞു,

"എനിക്കൊരുപാട് ദൈവമുണ്ട്."

കേൾക്കാൻ പാടില്ലാത്ത എന്തോ ഒന്ന് കേട്ടപോലെ ആനിയമ്മ അവിശ്വസനീയതയോടെ അവനെത്തന്നെ നോക്കി. ഉറച്ചസ്വരത്തിൽ അവൻ ഒരിക്കൽക്കൂടി പറഞ്ഞു,

"എനിക്കൊരുപാട് ദൈവമുണ്ട്."

അൽപ്പം ധൈര്യം വീണ്ടെടുത്ത ആനിയമ്മ ചോദിച്ചു, "ആരൊക്കെയാ ഇത്രയധികം ദൈവങ്ങൾ?". ആരെയും കൂസാത്ത മട്ടിൽ നിൽക്കുന്ന മത്തായി പറഞ്ഞു, "തെക്കേലെ അവറാച്ചൻ എന്റെ ദൈവമാ. കിഴക്കേലെ വറീതും വടക്കേലെ ഔസേപ്പും താഴത്തെ മമ്മതും എന്റെ ദൈവമാ."

സംയമനം വീണ്ടെടുത്ത ആനിയമ്മ ചോദിച്ചു,

"എങ്ങനെ ഇവരെല്ലാം നിന്റെ ദൈവങ്ങളായി?"

(തുടരും.....)

# KIDS CORNER






Drawing by Milan K Antony



Drawing by Serah Jomon

## STRANGERS IN MY LIFE

For Every stranger I've to cross
For every air and fragrance I breath
For flooding rivers and peaceful rain
made me strong and made me grow

For all the fruits and all the grace
For I've gained and I've lost
For the pain and the vain
For all the hopes which lived in sorrow
I thank the pain and the gain
for they helped me lead a life

For all the lessons and challenges
For now I am good and strong
the narrow paths and crooked ways
For my braveness dare me cross

*-Grace Rose David*

## UPCOMING EVENTS

**Unit wise rosary from 22nd October to 31st October**

| | | |
|---|---|---|
| 22nd Oct 2018 | Monday | – St Antony Unit |
| 23rd Oct 2018 | Tuesday | – St George Unit |
| 24th Oct 2018 | Wednesday | – St Mathew Unit |
| 25th Oct 2018 | Thursday | – St James Unit |
| 26th Oct 2018 | Friday | – Parish Youth Wing |
| 27th Oct 2018 | Saturday | - Pithruvedhi |
| 28th Oct 2018 | Sunday | - Catechism Students |
| 29th Oct 2018 | Monday | - St Vianney Unit |
| 30th Oct 2018 | Tuesday | - Lourde Matha Unit |
| 31st Oct 2018 | Wednesday | - Mathrujyothis |

**Catechism Annual day** – 28th October 2018

**All Souls Day** – 2nd November 2018

**Visit to Santhome Snehatheeram by Mathrujyothis** – 10th November 2018

## CONGRATULATIONS

**Merlyn Desmond**
– 3rd prize in Puthenpana Parayanam (Mathrujyothis Cultural feast conducted by Hosur diocese)

**Anu Jinto**
- 1st Rank at Dioceses Level , Category C (Logos quiz conducted by KCBC)

**Our church secured 2nd place**
in Logos Quiz participation

**Thankamma Mulavana**
8th Rank at Dioceses Level, Category F (Logos quiz conducted by KCBC)

**Anu Jinto & Lovena Tony**
1st Prize in Logos Quiz Conducted by Hosur Dioceses

**Congratulations to all participants of Cultural feast and Logos Quiz**

*Thank you, **Br. Lawrence K S** for all the support extended and good luck for all your future endeavors*

## HOLY MASS TIMING

| | |
|---|---|
| Sunday | 09.30 am |
| Monday – Tuesday | 07:00 pm |
| Wednesday | 06:30 am |
| Thursday – Saturday | 07:00 pm |

thank you

# CONGRATULATIONS












## LOGOS QUIZ – 2018

# CONGRATULATIONS













## HOLYMASS@ ST MATHEW AND LOURDE MATHA PRAYER UNIT

















## MATHRUJYOTHIS KALOLSAVAM 2018



# VOICE OF MOUNT

St.Thomas Syro Malabar Parish,
6/74-3 North Silver Street, St. Thomas Mount,
Chennai - 600 016